# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം–10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ–മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org

തിരുവനന്തപുരം **പത്രക്കുറിപ്പ്** 29.08.14

## റിവ്യൂ പെറ്റീഷൻ തീർപ്പാക്കുന്നതിന് റെഗുലേറ്ററി കമ്മിഷൻ സമയപരിധി നിശ്ചയിച്ചു

2003 ലെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ (കോൺടക്റ്റ് ഓഫ് ബിസിനസ്സ്) റെഗുലേഷനിൽ കമ്മിഷന്റെ ഉത്തരവിന്മേൽ പുനർഅവലോകനഹർജി സമർപ്പിക്കുമ്പോൾ അവ തീർപ്പാക്കുന്നതിന് പ്രത്യേക സമയപരിധി പറഞ്ഞിട്ടില്ല. സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് റെഗുലേറ്ററി കമ്മിഷന്റെ നേരത്തേയുള്ള ഒരു ഉത്തരവിന്മേൽ വൈദ്യുതി അപ്പലേറ്റ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത അപ്പീലിൽ റിവ്യൂ പെറ്റീഷനുകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് 67–ാം റെഗുലേഷൻ ഭേദഗതി ചെയ്യണമെന്ന് നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ റിവ്യൂപെറ്റീഷനുകൾ ഫയലിൽ സ്വീകരിച്ച് 45 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് റെഗുലേഷനിൽ ഭേദഗതി വരുത്തി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ (കോൺടക്റ്റ് ഓഫ് ബിസിനസ്സ്) ഭേതഗതി റെഗുലേഷൻ 2014 പുറപ്പെടുവിച്ചു കമ്മിഷൻ ഉത്തരവായി.

സെക്രട്ടറി